# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.4648 22-03-2018-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.പി.കെ. ശശി

ഡോ.ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

**<u>സർവ്വകലാശാലകളുടെ ധന ഇടപാടുകൾ ട്രഷറി വഴി</u>**

| | | |
|---|---|---|
| (എ) | സംസ്ഥാന സർവ്വകലാശാലകൾ കൈകാര്യം ചെയ്തിരുന്ന പദ്ധതിയേതര വിഹിതത്തിലെ ഇടപാടുകൾ നിയന്ത്രിയ്ക്കുന്നതിനും സർവ്വകലാശാലകളിലെ ധനവിനിമയത്തിലെ അപാകതകൾ നിയന്ത്രിക്കാനുമായി സർവ്വകലാശാലാ ധന ഇടപാടുകൾ ട്രഷറി വഴിയാക്കി ധനവകുപ്പ് ഉത്തരവു നൽകിയത് എന്നാണ് എന്നും അതിനുണ്ടായ കാരണം എന്ത് എന്നും വ്യക്തമാക്കുമോ ; | ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (ഐ.എഫ്.എം.എസ്) നടപ്പിലാക്കിയതിന്റെ ഭാഗമായി ബില്ലുകൾ തയ്യാറാക്കുന്നതിനുള്ള കേന്ദ്രീകൃത സംവിധാനവും റിസർവ്വ് ബാങ്കിന്റെ പേയ്മെന്റ് പോർട്ടലായ ഇ-കുബേർ-മായുള്ള സംയോജനവും സംസ്ഥാന ട്രഷറിയിൽ ഏർപ്പെടുത്തി. അതിന്റെ ഫലമായി നിലവിൽ ബാങ്കുകളിൽ നടക്കുന്ന നൂതനമായ ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ട്രഷറികളിൽ ലഭ്യമാണ്. ടി പശ്ചാത്തലത്തിലും സർക്കാർ ഫണ്ടുകൾ ചെലവഴിക്കാതെ ബാങ്ക് അക്കൗണ്ടുകളിൽ അനാവശ്യമായി സൂക്ഷിക്കുന്ന പ്രവണതയ്ക്ക് വിരാമമിടുകയെന്ന ലക്ഷ്യത്തിലും സർക്കാർ വകുപ്പ് / പൊതുമേഖലാസ്ഥാപനം / സ്വയംഭരണ സ്ഥാപനം / ബോർഡ് / കോർപ്പറേഷൻ / തദ്ദേശ സ്വയംഭരണസ്ഥാപനം / യൂണിവേഴ്സിറ്റി എന്നിവയുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് സർക്കാർ ഫണ്ട് മാറ്റുന്നതിന് 16-11-2017-ലെ സ.ഉ. (പി) നം.147/2017/ധന ഉത്തരവ് മുഖേന നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു. ഗുണഭോക്താവിന് പണം കൈമാറുന്നതിന് ടി നിയന്ത്രണം |
| (ബി) | സംസ്ഥാന സർവ്വകലാശാലകളിൽ ഏതെല്ലാം സർവ്വകലാശാലകൾ ധന ഇടപാടുകൾ ട്രഷറി വഴിയാക്കി എന്നും അല്ലാത്തവ ഏതെല്ലാം എന്നും വ്യക്തമാക്കുമോ ; | |
| (സി) | പ്രസ്തുത ധനവകുപ്പു ഉത്തരവുകൾ പാലിക്കാത്ത സർവ്വകലാശാലകളുടെ പേരിൽ എന്തു നടപടി നാളിതുവരെ സ്വീകരിച്ചു എന്നും അവർ സമയബന്ധിതമായി ഉത്തരവു നടപ്പാക്കാൻ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു എന്നും വ്യക്തമാക്കുമോ ? | |

| | | |
|---|---|---|
| | | ബാധകമായിരുന്നില്ല. പൊതുപണം അതാത് സാമ്പത്തിക വർഷത്തിൽ തന്നെ കാലതാമസം കൂടാതെ അർഹതപ്പെട്ട ഗുണ ഭോക്താക്കളിലെത്തിക്കുന്നതിനും നിലവിലെ ചട്ടങ്ങൾക്കും വ്യവസ്ഥകൾക്കും വിരുദ്ധ മായി വർഷങ്ങളോളം സർക്കാർ ഫണ്ട് ചെലവഴിക്കാതെ സൂക്ഷിക്കുന്നത് നിരുത്സാഹപ്പെടുത്തുന്നതിനും വേണ്ടിയാണ് മേൽനടപടി കൈക്കൊണ്ടത്. മുകളിൽ പ്രതിപാദിച്ച നടപടിയല്ലാതെ സർവ്വകലാ ശാലകളുടെ സാമ്പത്തിക നിയന്ത്രണം ഏറ്റെടുക്കുകയോ, സർവ്വകലാശാലകൾക്ക് മാത്രമായി പ്രത്യേക സാമ്പത്തിക നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയോ ചെയ്തിട്ടില്ല. എന്നാൽ നോൺ പ്ലാൻ ഗ്രാന്റ് സർവ്വകലാശാലകളുടെ ബാങ്ക് അക്കൗണ്ടു കളിലേയ്ക്ക് മാറ്റുന്നതിന് യാതൊരു നിയന്ത്രണവും ഇല്ല. |

അക്കൗണ്ട്സ് ഓഫീസർ